അഴിമതിക്കേസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

275 (2150) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വകുപ്പ് എന്നിവ അറിയിക്കുമോ ;

(സി) പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-11-2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ അന്വേഷണ ഘട്ടങ്ങളിലും, പ്രതികളെ ചേർക്കാറുള്ളതിനാൽ എത്ര പ്രതികൾ എന്ന് കൃത്യമായി പറയാൻ കഴിയുന്നില്ല. ഏകദേശം 800 ഉദ്യോഗസ്ഥർക്ക് എതിരെയാണ് പ്രസ്തുത കേസ്സുകൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) എല്ലാ കേസ്സുകളും അന്വേഷണ ഘട്ടത്തിൽ ആണ്.

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

276 (2051) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്ര വീതം വിജിലൻസ് കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കോടതി ഉത്തരവിനെത്തുടർന്നാണോ മറ്റേതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ ഓരോ കേസ്സും രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly